പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2874 **29-10-2026-ൽ മറുപടിയ്ക്ക്**

പാലാഴി പുത്തൂർ മഠം റോഡ് വികസനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എ. റസാഖ് മാസ്റ്റർ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) ദേശീയപാത 66 നിർമ്മാണം പൂർത്തിയായതോടെ പാലാഴി പ്രദേശത്തേക്ക് ഇറങ്ങിവരുന്ന പാലാഴി പുത്തൂർ മഠം റോഡിൽ വാഹനങ്ങളുടെ ബാഹുല്യം മൂലം രൂക്ഷമായ ഗതാഗതക്കുരുക്കും അപകടാവസ്ഥയും നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) മെട്രോ ഹോസ്പിറ്റൽ, ഹൈലൈറ്റ് മാൾ, സർക്കാർ സൈബർ പാർക്ക്, യു.എൽ.സി.സി. സൈബർ പാർക്ക്, നെസ്റ്റോ സൂപ്പർമാർക്കറ്റ്, ടി.സി.വൺ, ലാൻഡ്മാർക്ക് തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നതും ആയിരക്കണക്കിന് വാഹനങ്ങളിലായി പതിനായിരക്കണക്കിന് ജനങ്ങൾ ദിവസേന ആശ്രയിക്കുന്നതുമായ പ്രസ്തുത പ്രദേശം ഏകദേശം 25 വർഷം മുമ്പുള്ള പഴയ വീതികുറഞ്ഞ റോഡിൽ തന്നെ തുടരുന്നത് മൂലം ആംബുലൻസുകൾക്ക് പോലും കടന്നുപോകാൻ കഴിയാതെ രോഗികൾക്ക് പ്രയാസം സൃഷ്ടിക്കുന്ന ഗുരുതരമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(സി) ജനങ്ങളുടെ ജീവന് ഭീഷണിയായി മാറിയിട്ടുള്ള ഈ യാത്രാക്ലേശം പരിഹരിക്കുന്നതിനായി പാലാഴി പുത്തൂർ മഠം റോഡ് അടിയന്തരമായി വീതികൂട്ടി വികസിപ്പിക്കുന്നതിനും ആധുനിക നിലവാരത്തിൽ നവീകരിക്കുന്നതിനും എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

മറുപടി: എൻ.എച്ച് 66 പാലാഴി റോഡ് ജംഗ്ഷൻ മുതൽ അത്താണി വരെയുള്ള 900 മീറ്റർ റോഡ് വീതി കൂട്ടി വികസിപ്പിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നിലവിൽ പുരോഗതിയിലാണ്. അത്താണി മുതൽ പുത്തൂർമഠം വരെയുള്ള ഭാഗം വീതി കൂട്ടി വികസിപ്പിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ